പട്ടുനൂൽപ്പുഴു ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്കുള്ള സഹായങ്ങൾ

*12 [312] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, എൻ. ശക്തൻ :
,, കെ. മോഹൻകുമാർ :
,, ഇ. എം. അഗസ്തി :
,, വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടുനൂൽപ്പുഴു ഉല്പാദനത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(ബി) കൊക്കൂണുകൾ ഗവൺമെന്റോ ഗവൺമെന്റ് ഏജൻസികളോ സംഭരിക്കുന്നുണ്ടോ;

(സി) കൊക്കൂണിന്റെ തറവില നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) കർഷകർക്ക് പരിശീലനം നൽകുന്നു. മൾബറി വിത്തു കമ്പുകൾ/തൈകൾ വിതരണം ചെയ്യുന്നു. പട്ടുനൂൽപ്പുഴു വളർത്തുപുര നിർമ്മാണം. അണുനശീകരണ വസ്തുക്കളും പുഴുവളർത്തുപകരണങ്ങളും വാങ്ങുന്നതിനും, ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിനും വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി നൽകുന്നു. കൂടാതെ മറ്റു അനുബന്ധ സാങ്കേതിക സഹായവും കർഷകർക്കു നൽകുന്നു.

(ബി) കേരളത്തിൽ ഉല്പാദിപ്പിക്കുന്ന മുഴുവൻ കൊക്കൂണും സെറിഫെഡ് സംഭരിക്കുന്നുണ്ട്.

(സി) തറവില നിശ്ചയിച്ചിട്ടില്ല.

പട്ടുനൂൽപ്പുഴുവളർത്തലിനും മൾബറികൃഷിക്കും നൽകിവരുന്ന സബ്സിഡി

*13 [T313] ശ്രീ. കെ. ബാബു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ഡി. സുഗതൻ :
,, ലൂഡി ലൂയിസ് :
,, എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടുനൂൽപ്പുഴു വളർത്തുന്നതിനും മൾബറി കൃഷിക്കും എന്തു തുക സബ്സിഡി നൽകിവരുന്നു;

Tമാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly